**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2788** **18-03-2022 - ൽ മറുപടിയ്ക്ക്**

**ആദിവാസി മേഖലകളിലെ മദ്യ-മയക്കമരുന്ന് ഉപയോഗം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | null<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പെരിങ്ങമ്മല പഞ്ചായത്തിലെ ആദിവാസി പെൺകുട്ടികളുടെ ആത്മഹത്യയെ കുറിച്ചും അതിന് കാരണമായി കരുതപ്പെടുന്ന മേഖലയിലെ മദ്യത്തിന്റെയും മയക്കമരുന്നിന്റെയും ഉപയോഗത്തെക്കുറിച്ചും അന്വേഷണം നടത്തിയിട്ടുണ്ടെങ്കിൽ അതിലെ പ്രധാന കണ്ടെത്തലുകൾ എന്തൊക്കെയായിരുന്നു; പ്രസ്തുത അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ? | (എ) | പെരിങ്ങമ്മല പഞ്ചായത്തിലെ ആദിവാസി പെൺകുട്ടികളുടെ ആത്മഹത്യയെ കുറിച്ച് ആഭ്യന്തര വകുപ്പ് അന്വേഷണം നടത്തിയിട്ടുണ്ട്. അന്വേഷണ റിപ്പോർട്ട് അനുബന്ധമായി ചേർക്കുന്നു. ബാലനീതി നിയമത്തിലെ സെക്ഷൻ 74 പ്രകാരം POCSO യിലുൾപ്പെട്ടവരുടെ പേരു വിവരങ്ങൾ പ്രസിദ്ധീകരിക്കുന്നതിൽ നിയമപരമായ തടസ്സമുള്ളതിനാൽ ടി അന്വേഷണ റിപ്പോർട്ടിൽ നിന്ന് ബാലനീതി നിയമത്തിന്റെ പരിധിയിൽ വരുന്നവരുടെ പേരുവിവരങ്ങൾ ഒഴിവാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

21/2/22



NO.106 GL/2022/K
Palode Police Station
Ph. No: [illegible], Mob:9497987023
E-Mail: [illegible]@kerala.gov.in
Date: 18.02.2022

പ്രേഷകൻ
പോലീസ് ഇൻസ്പെക്ടർ
പാലോട് പോലീസ് സ്റ്റേഷൻ

സ്വീകർത്താവ്
പ്രോജക്ട് ഓഫീസർ
ഐ.റ്റി.ഡി.പി,നെടുമങ്ങാട്

സർ,

വിഷയം:- പെരിങ്ങമ്മല ഗ്രാമപഞ്ചായത്തിലെ പട്ടികവർഗ്ഗ പെൺകുട്ടികളുടെ ആത്മഹത്യ സംബന്ധിച്ച്

സൂചന:-1) ജില്ലാ പട്ടികവർഗ്ഗ വികസന പ്രോജക്ട് ഓഫീസ് No: ജി-338/22 dated 14/02/2022നമ്പർ കത്ത്
2) പാലോട് പോലീസ് സ്റ്റേഷൻ ക്രൈം 2109/2021
3) പാലോട് പോലീസ് സ്റ്റേഷൻ ക്രൈം 2229/2021
4) പാലോട് പോലീസ് സ്റ്റേഷൻ ക്രൈം 2265/2021

മേൽ വിഷയത്തിലേയ്ക്കും സൂചനകളിലേയ്ക്കും അങ്ങയുടെ ശ്രദ്ധ ക്ഷണിച്ച് കൊള്ളുന്നു.

സൂചന 1 പ്രകാരം പെരിങ്ങമ്മല ഗ്രാമപഞ്ചായത്തിലെ പട്ടികവർഗ്ഗ പെൺകുട്ടികളുടെ ആത്മഹത്യ ചെയ്തതുമായി ബന്ധപ്പെട്ട് സൂചന 2,3,4 പ്രകാരം പാലോട് പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്ന കേസ്സുകളുടെ അന്വേഷണ സംബന്ധമായ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. Cr.2109/2021, U/S:174 CrPC [redacted] പെരിങ്ങമ്മല വില്ലേജിൽ [redacted] ടിയാളുടെ വീട്ടിനുള്ളിൽ 12.09.2021-ാം തീയതി [redacted] Age 19 ടിയാളുടെ വീട്ടിനുള്ളിൽ തൂങ്ങി മരണപ്പെട്ടതിലേയ്ക്ക് U/S: 174 CrPC പ്രകാരം രജിസ്റ്റർ ചെയ്ത കേസ് സബ് ഇൻസ്പെക്ടർ ബി. ബാബു കാണി അന്വേഷണം നടത്തി വന്നിരുന്നതാകുന്നു.

ടി കേസ്സിലേയ്ക്ക് അന്വേഷണം നടത്തിയതിൽ മരണപ്പെട്ട [redacted] വീട്ടിലും ടിയാളുടെ ബന്ധുവിന്റെ വീട്ടിലും പെയിന്റിംഗ് ജോലിക്കായി വന്ന കല്ലറ കുളത്തുപ്പുഴ വില്ലുമല സെറ്റിൽമെന്റ് സ്വദേശി ദീപു, Age 23 എന്നയാളും

[redacted] തമ്മിൽ പ്രണയത്തിലായിരുന്നതായി അറിവാകയാൽ ആയതിനെക്കുറിച്ച് ടി ദീപുവിനെ ചോദ്യം ചെയ്തും, [redacted] ബന്ധുക്കളേയും സാക്ഷികളേയും കണ്ട് ചോദിച്ചും, CDR ശേഖരിച്ച് പരിശോധിച്ചും കൂടുതൽ അന്വേഷണങ്ങൾ നടത്തിയതിൽ ടി [redacted] മരണപ്പെടുന്നതിനും രണ്ട് മാസം മുമ്പ് വരെ ഇരുവരും തമ്മിലുള്ള ഫോൺ വിളികളും പ്രണയബന്ധവും ഉണ്ടായിരുന്നതായും അതിന് ശേഷം ആ ബന്ധം തടർന്നില്ല എന്നും വെളിവായിട്ടുള്ളതുമാകുന്നു.

ടി [redacted] പോസ്റ്റ്മോർട്ടം സർട്ടിഫിക്കറ്റിൽ Opinion as to cause of death എന്നതിൽ Postmortem findings are consistent with death due to hanging എന്ന് രേഖപ്പെടുത്തിയിട്ടുള്ളതാകുന്നു. അന്വേഷണത്തിൽ [redacted] ഉണ്ടായിരുന്ന ഏതോ മനോവിഷമം മൂലം ടിയാളുടെ വീട്ടിനുള്ളിൽ കെട്ടിത്തൂങ്ങി ആത്മഹത്യ ചെയ്തതാണെന്ന് വെളിവാകയാൽ ടി കേസ്സിൻെറ അന്വേഷണം പൂർത്തിയാക്കി 23.10.2021-ാം തീയതി ബഹു: കോടതി മുമ്പാകെ FINAL REPORT സമർപ്പിച്ചിട്ടുള്ളതുമാകുന്നു.

2. Cr.2229/2021. U/S: 376 IPC & Sec 4 r/w 3(a) of POCSO Act and Sec. 3(2).(V). of The Scheduled Castes and The Scheduled Tribes Amendment (Prevention of Atrocities) Act

തെന്മല വില്ലേജിൽ [redacted] Age 17 01.11.2021-ാം തീയതി ടിയാളുടെ വീട്ടിൽ കെട്ടി തൂങ്ങി മരണപ്പെട്ടതിലേയ്ക്ക്, u/s.174 CrPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് കേസ് സബ്ബ് ഇൻസ്പെക്ടർ ശ്രീ. എ. നിസാറുദ്ദീൻ നടത്തി വന്നിരുന്നതാകുന്നു.

തുടർന്ന് ടി സബ്ബ് ഇൻസ്പെക്ടർ ഈ കേസ്സിലേയ്ക്ക് സാക്ഷികളേയും മറ്റും കണ്ട് ചോദിച്ച് അന്വേഷണങ്ങൾ നടത്തിയിട്ടുള്ളതും [redacted] മൃതശരീരം ഇൻക്വസ്റ്റ് റിപ്പോർട്ട് തയ്യാറാക്കി പോസ്റ്റ്മോർട്ടം പരിശോധനയ്ക്ക് അയച്ചിരുന്നതും പോസ്റ്റുമാർട്ടം പരിശോധനാ വേളയിൽ മെഡിക്കൽ ഓഫീസർ മൃതശരീരത്തിൽ നിന്നും ശേഖരിച്ച് ഹാജരാക്കിയ Pubic hair, Vaginal swab and smear എന്നിവ ബഹുമാനപ്പെട്ട കോടതി മുമ്പാകെ ഹാജരാക്കിയിട്ടുള്ളതും ടി സബ്ബ് ഇൻസ്പെക്ടർ കൃത്യസ്ഥല മഹസർ തയ്യാറാക്കി ബഹു: കോടതി മുമ്പാകെ ഹാജരാക്കിയിട്ടുള്ളതാകുന്നു.

തുടർന്ന് [redacted] പോസ്റ്റ്മോർട്ടം സർട്ടിഫിക്കറ്റ് അയച്ച് കിട്ടിയിട്ടുള്ളതും ആയതിൽ OPINION AS TO CAUSE OF DEATH: Post mortem findings are consistent with death due to hanging എന്ന് രേഖപ്പെടുത്തിയിട്ടുള്ളതാകുന്നു.

മൃതശരീരം പോസ്റ്റ്മോർട്ടം പരിശോധന നടത്തിയ

തുടർന്ന് രേഖപ്പെടുത്തിയതിൽ ഏർപ്പെട്ടതിന്

മെഡിക്കൽ ഓഫീസറുടെ മൊഴി രേഖപ്പെടുത്തിയതിൽ vagina-യിൽ മുറിവുള്ളതായും മറ്റും

രണ്ടാഴ്ച മുൻപ് vaginal Penetration നടന്നതായും,

പറഞ്ഞിട്ടുള്ളതാകുന്നു.

തുടർന്ന് ടി കേസ്സിൻെറ അന്വേഷണത്തിൽ Section 376 IPC & Sec. 4r/w. 3(a) of POCSO Act 2012 പ്രകാരമുള്ള കുറ്റകൃത്യം സംഭവിച്ചിട്ടുള്ളതായി വെളിവാകുകയാൽ സെക്ഷൻ 174 CrPC ഭേദഗതി ചെയ്ത് U/Ss 376 IPC & Sec. 4r/w. 3(a) of POCSO Act 2012 പ്രകാരം അന്വേഷണം തുടരുന്ന വിവരത്തിന് ബഹുമാനപ്പെട്ട കോടതി മുമ്പാകെ പ്രത്യേകം റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതും ഈ കേസ് ഗ്രേവ് ക്രൈം വിഭാഗത്തിൽപ്പെട്ടതായതിനാൽ എക്സ്പ്രസ് റിപ്പോർട്ട് തയ്യാറാക്കി മേലധികാരങ്ങളിലേക്ക് അയച്ചിട്ടുള്ളതാണ്.

തുടർന്ന് ഈ കേസ്സിൻെറ അന്വേഷണം ഏറ്റെടുത്ത് സാക്ഷികളെയും മറ്റും കണ്ട് ചോദിച്ച് മൊഴി രേഖപ്പെടുത്തിയും മറ്റും അന്വേഷണം നടത്തിയിട്ടുള്ളതും ഇടിഞ്ഞാർ സ്വദേശിയായ അലൻ പീറ്റർ എന്ന യുവാവുമായി മരണപ്പെട്ട സ്നേഹ ബന്ധത്തിലായിരുന്നുവെന്നും ഇരുവരേയും ഒരുമിച്ച് പല സ്ഥലങ്ങളിൽ വച്ച് പലരും കണ്ടിരുന്നതായും വെളിവായതിനാൽ തെന്നൂർ വില്ലേജിൽ ഇടിഞ്ഞാർ കല്യാണിക്കരിക്കകം സോജി ഭവനിൽ തുളസീധരൻ മകൻ അലൻ പീറ്റർ, Age 25-നെ സ്റ്റേഷനിൽ കൂട്ടിക്കൊണ്ടുവന്ന് നിയമാനുസൃതം ചോദ്യം ചെയ്തതിൽ ടിയാൻ ഈ കേസിലെ കുറ്റകൃത്യം ചെയ്തതായി സമ്മതിച്ച് പറഞ്ഞിട്ടുള്ളതും ടിയാനെ 05-01-2022-ാം തീയതി നിയമാനുസരണം അറസ്റ്റ് ചെയ്തിട്ടുള്ളതും റിമാൻറപേക്ഷ സഹിതം ബഹു: നെടുമങ്ങാട് ജുഡിഷ്യൽ ഫസ്റ്റ്ക്ലാസ് മജിസ്ട്രേറ്റ് കോടതി (FO) മുമ്പാകെ ഹാജരാക്കിയ പ്രതിയെ ബഹു: കോടതി റിമാൻറ് ചെയ്ത് ജുഡിഡിഷ്യൽ കസ്റ്റഡിയിൽ പാർപ്പിച്ച് വരുന്നതുമാകുന്നു.

ഈ കേസിലേക്ക് സർട്ടിഫിക്കറ്റ് പരിശോധിച്ചതിൽ ജനനതീയതി 28-07-2004 എന്നും ടിയാൾ ST വിഭാഗത്തിൽപ്പെട്ടതാണെന്നും ബോധ്യപ്പെട്ടിട്ടുള്ളതാകുന്നു.

തുടർന്ന് അന്വേഷണത്തിൽ പ്രതി ലാറ്റിൻ കാത്തലിക് വിഭാഗത്തിലുള്ള ആളാകയാൽ Section.3(2).(V). of The Scheduled Castes and The Scheduled Tribes Amendment (Prevention of Atrocities) Act പ്രകാരമുള്ള കുറ്റകൃത്യം കൂടി

സംഭവിച്ചിട്ടുള്ളതായി വെളിവാകയാൽ ആയത് കൂടുതലായി ചേർത്ത് u/s: 376 IPC & Sec. 4 r/w 3(a) of POCSO Act and Sec. 3(2).(V). of The Scheduled Castes and The Scheduled Tribes Amendment (Prevention of Atrocities) Act പ്രകാരം അന്വേഷണം തുടരുന്ന വിവരത്തിന് ബഹുമാനപ്പെട്ട കോടതിയ്ക്ക് പ്രത്യേകം റിപ്പോർട്ട് അയച്ചിട്ടുള്ളതും ടി കേസിലേയ്ക്ക് അന്വേഷണ ഉദ്യോഗസ്ഥനായി ബഹുമാനപ്പെട്ട നെടുമങ്ങാട് അസിസ്റ്റൻറ് പോലീസ് സൂപ്രണ്ട് ശ്രീ. രാജ്പ്രസാദ് IPS അവർകളെ നിയമിച്ച് കൊണ്ടുള്ള ബഹുമാനപ്പെട്ട തിരുവനന്തപുരം റൂറൽ ജില്ലാ പോലീസ് മേധാവിയുടെ Order No: DCRB-1629/2022/T, Dated 07-01-2022 ഉത്തരവ് പ്രകാരം ടി കേസ്സിൻെറ തുടർന്നുള്ള അന്വേഷണം ബഹുമാനപ്പെട്ട നെടുമങ്ങാട് അസിസ്റ്റൻറ് പോലീസ് സൂപ്രണ്ട് ഏറ്റെടുത്ത് നടത്തി വരുന്നതുമാകുന്നു.

<u>3.Cr.2265/2021, U/S: 376 (2) (n) IPC & Sec. 6 r/w 5(l) of POCSO Act 2012</u> [redacted]

പെരിങ്ങമ്മല വില്ലേജിൽ [redacted] Age 16 ടിയാളുടെ വീട്ടിന് സമീപമുള്ള ഷെഡ്ഡിനുള്ളിൽ 21.11.2021-ാം തീയതി കെട്ടിത്തൂങ്ങി മരണപ്പെട്ടതിലേയ്ക്ക് U/S: 174 CrPC പ്രകാരം രജിസ്റ്റർ ചെയ്ത കേസ് സബ് ഇൻസ്പെക്ടർ ബി. ബാബു കാണി അന്വേഷണം നടത്തി വന്നിരുന്നതാകുന്നു.

തുടർന്ന് ടി, സബ് ഇൻസ്പെക്ടർ ഈ കേസ്സിലേയ്ക്ക് സാക്ഷികളേയും മറ്റും കണ്ട് ചോദിച്ച് അന്വേഷണങ്ങൾ നടത്തിയിട്ടുള്ളതും മരണപ്പെട്ട [redacted] കെട്ടിത്തൂങ്ങിയ കൃത്യസ്ഥലത്തിൻെറ മഹസ്സർ തയ്യാറാക്കിയിട്ടുള്ളതും, മരണപ്പെട്ട [redacted] ഉപയോഗിച്ച OPPO ഇനത്തിൽപ്പെട്ട മൊബൈൽ ഫോൺ ബന്തവസ്സിലെടുത്ത് ബഹു: കോടതി മുമ്പാകെ ഹാജരാക്കിയിട്ടുള്ളതുമാകുന്നു.

തുടർന്ന് സബ് ഇൻസ്പെക്ടർ എ.നിസാറുദ്ദീൻ ഈ കേസിലേയ്ക്ക് ഇൻക്വസ്റ്റ് റിപ്പോർട്ട് തയ്യാറാക്കി ബഹു: നെടുമങ്ങാട് SDMC മുമ്പാകെ ഹാജരാക്കിയിട്ടുള്ളതും ഇൻക്വസ്റ്റ് റിപ്പോർട്ടിൽ വിവരിച്ച് ബന്തവസ്സിലെടുത്ത വസ്തുങ്ങളും, മൃതശരീരത്തിൽ നിന്നും പോസ്റ്റ്മോർട്ടം പരിശോധന നടത്തിയ ശേഷം ഡോക്ടർ ശേഖരിച്ച് ഹാജരാക്കിക്കൊടുത്ത swab , smear, blood എന്നിവയും KPF 151 A ഫോറത്തിൽ ചേർത്ത് ബഹു: കോടതി മുമ്പാകെ ഹാജരാക്കിയിട്ടുള്ളതും ഡോക്ടർ മൃതശരീരത്തിൽ നിന്നും ശേഖരിച്ച് ഹാജരാക്കിക്കൊടുത്ത Viscera (4 bottle) Receipt No: 5792/21/TVM TX-3148, dated 22.11.2021 തിരുവനന്തപുരം കെമിക്കൽ ൧ാം നമ്പരായി തിരു- എക്സാമിനേഴ്സ് ലബോറട്ടറിയിൽ ഹാജരാക്കിയിട്ടുള്ളതുമാകുന്നു.

തുടർന്ന് [redacted] പോസ്റ്റ്മോർട്ടം സർട്ടിഫിക്കറ്റ് അയച്ച് കിട്ടിയിട്ടുള്ളതും ആയത് പരിശോധിച്ചതിൽ OPINION AS TO CAUSE OF DEATH എന്ന കോളത്തിൽ Postmortem findings are consistent with death due to hanging എന്നും ആയതിൽ Hymen showed old healed tear at 6 to 7 O' clock position. There was bluish discoloration of the margin of vaginal outlet and vaginal orifice was two fingers loose എന്നും മറ്റും രേഖപ്പെടുത്തി കാണുകയാൽ പോസ്റ്റ്മോർട്ടം നടത്തിയ ഡോക്ടറെ കണ്ട് ചോദിച്ച് മൊഴി രേഖപ്പെടുത്തിയതിൽ മരണപ്പെട്ട [redacted] vagina- യിൽ മുറിവ് ഉണ്ടായിരുന്നു എന്നും penetrative sexual Assault നടന്നതാവാമെന്നും മറ്റും പറയുകയാലും ടി കേസ്സിന് ഹേതുവായി മരണപ്പെട്ടതും പ്രായപൂർത്തിയാകാത്തതുമായ [redacted] ,Age16 ലൈംഗീക കടന്നു കയറ്റത്തിലൂടെയുള്ള ആക്രമണത്തിന് വിധേയയായിട്ടുണ്ടെന്ന് വെളിവായിട്ടുള്ള തിനാൽ FIR-ലെ സെക്ഷൻ കോളത്തിൽ രേഖപ്പെടുത്തിയിട്ടുള്ള U/S: 174 CrPC മാറ്റി U/S : 376 IPC & Sec.4 r/w 3(a) of POCSO Act 2012 പ്രകാരം ടി കേസ്സിന്റെ അന്വേഷണം തുടരുന്ന വിവരത്തിന് ടി സബ് ഇൻസ്പെക്ടർ ബഹു: കോടതിയ്ക്ക് പ്രത്യേകം റിപ്പോർട്ട് ഹാജരാക്കിയിട്ടുള്ളതും ടി കേസ് ഗ്രേവ് ക്രൈം വിഭാഗത്തിൽപ്പെട്ടതാകയാൽ ഇതിലേയ്ക്ക് EXPRESS REPORT തയ്യാറാക്കി മേലധികാരങ്ങളിലേയ്ക്ക് അയച്ചിട്ടുള്ളതുമാകുന്നു.

തുടർന്ന് ഗ്രേവ് ക്രൈം വിഭാഗത്തിൽപ്പെട്ട ടി കേസ്സിന്റെ അന്വേഷണം ഞാൻ ഏറ്റെടുത്ത് മരണപ്പെട്ട [redacted] മാതാവിനേയും [redacted] അടുത്ത ബന്ധുക്കളേയും, ടിയാളുമായി അടുത്ത് ഇടപഴകിയവരേയും മറ്റും കണ്ട് മൊഴി രേഖപ്പെടുത്തി അന്വേഷണങ്ങൾ നടത്തിയിട്ടുള്ളതിൽ മരണപ്പെട്ട [redacted] കിഴക്കംകര തെന്നൂർ വില്ലേജിൽ ഇടിഞ്ഞാർ വിട്ടിക്കാവ് സെറ്റിൽ മെന്റ് കോളനി കുന്നുംപുറത്ത് വീട്ടിൽ ഗോപി മകൻ ശ്യാം എന്ന് വിളിയ്ക്കുന്ന വിപിൻ കുമാർ, Age 19 എന്നയാളുമായി പ്രണയ ബന്ധമുണ്ടായിരുന്നതായും ആയതിനെത്തുടർന്നുണ്ടായ ഏതോ മനോവിഷമത്തിലാണ് ടിയാൾ ആത്മഹത്യ ചെയ്യുന്നും അറിവാകയാൽ മരണപ്പെട്ട [redacted] മാതാപിതാക്കളേയും അടുത്ത ബന്ധുക്കളും കൂട്ടുകാരികളായിരുന്നവരേയും മറ്റും കണ്ട് ചോദിച്ച് അന്വേഷണം നടത്തിയതിൽ വിപിൻ കുമാർ ടി [redacted] കാണാനായി പലതവണ [redacted] വീടിന് സമീപമുള്ള ആറ്റിനക്കരെയുള്ള ഫോറസ്റ്റ് ഏരിയായിൽ വരാറുണ്ടെന്നും മറ്റും വിവരം ലഭിയ്ക്കുകയാൽ വിപിൻ കുമാറിനെ സ്റ്റേഷനിൽ കൂട്ടിക്കൊണ്ട് വന്ന് ചോദ്യം ചെയ്യതിൽ തുടർന്ന് ടിയാനെ ചോദ്യം ചെയ്യതിൽ ടിയാൻ [redacted] എന്ന് വിളിയ്ക്കുന്ന [redacted] പ്രണയത്തിലായിരുന്നു എന്നും 15.11.2021-ാം തീയതി പകൽ 11.30

മണിയോടെയും, 08.10.2021 ാം തീയതി പകൽ 11.00 മണിയോടെയും ടിയാൻ വീട്ടിനടുത്തുള്ള കുളിക്കടവിൽ പോയി ഈറക്കൂട്ടത്തിനകത്തേയ്ക്ക് വിളിച്ച് വരുത്തി അവിടെ വച്ച് പ്രവേശിത ലൈംഗീക അതിക്രമം നടത്തി എന്നും മറ്റും കുറ്റം സമ്മതിച്ച് പറഞ്ഞിട്ടുള്ളതും ടിയാനെ 07.01.2022-ാം തീയതി നിയമാനുസരണം അറസ്റ്റ് ചെയ്തിട്ടുള്ളതുമാകുന്നു.

തുടർന്ന് ഗോപി മകൻ ശ്യാം എന്ന് വിളിയ്ക്കുന്ന വിപിൻകുമാർ, Age 19 - നെ. ടി കേസ്സിൻെറ പ്രതി സ്ഥാനത്ത് ചേർത്തും, U/S : 376 IPC & Sec. 4 r/w 3(a) of POCSO Act 2012 ഭേദഗതി ചെയ്ത് U/S : 376 (2) (n) IPC & Sec. 6 r/w 5(l) of POCSO Act 2012 പ്രകാരം അന്വേഷണം തുടരുന്ന വിവരത്തിനും ബഹു: കോടതിയ്ക്ക് പ്രത്യേകം റിപ്പോർട്ട് അയച്ചിട്ടുള്ളതുമാകുന്നു.

പ്രതിയെ റിമാൻറപേക്ഷ സഹിതം ബഹു: നെടുമങ്ങാട് ജുഡിഷ്യൽ ഫസ്റ്റ്ക്ലാസ് മജിസ്ട്രേറ്റ് കോടതി (FO) മുമ്പാകെ ഹാജരാക്കിയിട്ടുള്ളതും ബഹു: കോടതി പ്രതിയെ റിമാൻറ് ചെയ്ത് ജുഡിഡിഷ്യൽ കസ്റ്റഡിയിൽ പാർപ്പിച്ച് വരുന്നതും തുടർന്നും ടി കേസ്സിലേയ്ക്ക് ഊർജ്ജിതമായ അന്വേഷണങ്ങൾ നടത്തി വരുന്നതുമാകുന്നു എന്നുള്ള വിവരം സവിനയം ബോധിപ്പിച്ച് കൊള്ളുന്നു.

സവിനയം,

PALODE POLICE STATION
Date:----------
Thiruvananthapuram Rural

സി.കെ.മനോജ്
പോലീസ് ഇൻസ്പെക്ടർ
പാലോട് പോലീസ് സ്റ്റേഷൻ
തീയതി : 19.02.2022

സെക്ഷൻ ഓഫീസർ

17/3/22